**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **05.05.2017-ൽ മറുപടിയ്ക്ക്**
**ചോദ്യം നം. 2161**

**ചാലിയം ഫിഷ് ലാന്റിങ് സെന്റർ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.കെ.സി. മമ്മത് കോയ | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിലെ ചാലിയം ഫിഷ് ലാന്റിങ് സെന്ററിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ എത്രത്തോളമായി എന്ന് വ്യക്തമാക്കാമോ; | (എ)യും (ബി)യും | ചാലിയത്ത് ഫിഷ് ലാന്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനു വേണ്ടി നിർദ്ദേശിച്ചിട്ടുള്ള കോഴിക്കോട്ടെ ചാലിയത്തെ ഭൂമിയുടെ ഉടമസ്ഥാവകാശം നിലവിൽ വനം വകുപ്പിനാണ്. വനം വകുപ്പിൽ നിന്ന് ഭൂമി യൂസർ ഏജൻസിയായ കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ വനം വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ഇതിനു മുന്നോടിയായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നും നിബന്ധനകൾക്ക് വിധേയമായി സ്റ്റേജ് 1 അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് നിശ്ചിത സമയത്തിനുള്ളിൽ പരിഹാര വനവൽക്കരണത്തിനുള്ള ഭൂമി കണ്ടെത്താൻ യൂസർ ഏജൻസിക്ക് സാധിച്ചിട്ടില്ല. 24.11.2016 ൽ അവസാനിച്ച സ്റ്റേജ് 1 അംഗീകാരത്തിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് യൂസർ ഏജൻസി നൽകിയ അപേക്ഷ വനം വകുപ്പിൽ നിന്നും കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പരിസ്ഥിതി അനുമതിയ്ക്കായി സമീപിക്കേണ്ടത് യൂസർ ഏജൻസിയാണ്. |
| (ബി) | ഇതിന് പരിസ്ഥിതി വകുപ്പിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; | | |
| (സി) | ഈ പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ സ്റ്റേജ് 1 അനുമതി ദീർഘിപ്പിച്ചു ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ